ഉത്തരം

(എ) സർവ്വേ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിവരം ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) റിപ്പോർട്ട് ചെയ്തിട്ടില്ല.

കേരളത്തിനർഹമായ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്താൻ നടപടി

47 [1733] ശ്രീ. എ. കെ. ബാലൻ:
" വി. കെ. ചന്ദ്രൻ:
" രാജു എബ്രഹാം:
" കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനർഹമായ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ കേരളത്തിൽ നിലവിലുള്ള സംവിധാനം ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വെള്ളം ചോർത്താതിരിക്കുന്നതിനും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അന്തർ സംസ്ഥാന നദീജല കരാറുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ നിയോഗിക്കപ്പെട്ട അഡ്ഹോക്ക് കമ്മിറ്റി എത്തിച്ചേർന്ന നിഗമനങ്ങൾ എന്തായിരുന്നു;

(ഡി) ഈ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച മന്ത്രിതല ചർച്ചയിലുണ്ടായിരിക്കുന്ന ധാരണകൾ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുതകുന്ന നിലയിലുള്ളതല്ലെന്ന രൂപത്തിൽ ഉയർന്നുവന്ന വിമർശനം സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കേരളത്തിനർഹമായ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ കേരളത്തിൽ ഫലപ്രദമായ സംവിധാനങ്ങൾ നിലവിലുണ്ട്. കേരളത്തിൽ നിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ, വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്.

(ബി) കേരളത്തിലെ നദികളിൽ നിന്നും അനധികൃതമായി ജലം ചോർത്തുന്നില്ല എന്ന് ഉറപ്പുവരുത്തുവാനായി കേരളം ജാഗ്രത പുലർത്തുന്നുണ്ട്. പമ്പാ-അച്ചൻകോവിൽ നദികളിൽനിന്നും അനധികൃതമായി ജലം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ വേണ്ടി വനം വകുപ്പിലേയും ജലസേചന വകുപ്പിലേയും ഉദ്യോഗസ്ഥൻമാരുടെ ഒരു ദൗത്യസേന രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ വനം വകുപ്പിലേയും ജലവിഭവ വകുപ്പിലേയും കെ.എസ്.ഇ.ബി.-യിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയ ഒരു ദൗത്യസേനയും ഒരു ഫീൽഡ് ലവൽ ടീമും രൂപീകരിക്കുകയുണ്ടായി. ദൗത്യസേനയിലേയും ഫീൽഡ് ലെവൽ ടീമിലേയും അംഗങ്ങളായ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് യഥാസമയം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ നിയമസാധുത, ചരിത്ര പശ്ചാത്തലം, കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ, കരാറിന്റെ സവിശേഷതകൾ, ജലവിഭജനം, കരാർ ലംഘനങ്ങൾ, കരാറിലെ പാകപ്പിഴകളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കെട്ടിടങ്ങളും വനഭൂമിയും കൈമാറുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, ഗേജിംഗ് കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശകൾ എന്നിവ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ നദീജലക്കരാറിന്റെ നിയമസാധുത, ഡാമിന്റെ സുരക്ഷാ നടപടികൾ, വൈദ്യുതി ഉൽപ്പാദനം, ബേബി ഡാമിന്റെ ജലവിതാനം, പാട്ടഭൂമിയുടെ വിസ്തീർണ്ണം എന്നിവയും അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമിതിയുടെ പ്രധാന നിർദ്ദേശങ്ങളും ശിപാർശകളും †അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ഡി) പറമ്പിക്കുളം-ആളിയാർ പുനരവലോകനത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റി, അഡ്ഹോക്ക് കമ്മിറ്റിയുടേയും സബ്ജക്ട് കമ്മിറ്റിയുടേയും എസ്റ്റിമേറ്റ് കമ്മിറ്റിയുടേയും നിർദ്ദേശങ്ങൾ പഠിച്ച് അവ ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരുമായി പല പ്രാവശ്യം പുനരവലോകന ചർച്ചകൾ നടത്തുകയുണ്ടായി. പുനരവലോകന

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചകൾ പൂർത്തിയായിട്ടില്ല. മുല്ലപ്പെരിയാർ കരാറിന്റെ (പി.എൽ.ഡി.) കാലാവധി 999 വർഷത്തേയ്ക്കാണ്. മുല്ലപ്പെരിയാർ സംബന്ധമായ കേസുകൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഇ) മന്ത്രിതല ചർച്ചകളിൽ ഉണ്ടാകുന്ന ധാരണകൾ തികച്ചും കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നതരത്തിലുള്ളതാണ്. മുഖ്യമന്ത്രിതല ചർച്ചകൾക്ക് ശേഷമേ വ്യവസ്ഥകളിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി വ്യക്തമായി പറയുവാൻ കഴിയുകയുള്ളൂ.

കുളത്തൂപ്പുഴയിലെ വെള്ളം ചോർത്തുന്നത് സംബന്ധിച്ച്

48 [1734] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ ഇ. എം. അഗസ്തി:

പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴയാറിന് ചീനക്കാലയാർ എന്ന ഒരു പോഷക നദി ഉണ്ടോ;

(ബി) ഈ നദിയിൽ എപ്പോഴും വെള്ളമുണ്ടോ;

(സി) ചീനക്കാലയാറ്റിൽ നിന്നും മൂന്ന് മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലും തമിഴ്നാട്ടിലേക്ക് ഒരു ചാല് നിർമ്മിച്ചിട്ടുണ്ടോ;

(ഡി) ഈ ചാലിൽ കൂടി മാഞ്ചോല തേയിലത്തോട്ടത്തിൽ എത്തിച്ചേരുന്ന കുളത്തൂപ്പുഴയാറിലെ വെള്ളം അവിടെനിന്നും തമിഴ്നാട്ടിലെ താമ്രപർണ്ണി നദിയിൽ എത്തുന്നുണ്ടോ;

(ഇ) ഈ വിധത്തിൽ തമിഴ്നാട് കുളത്തൂപ്പുഴയാറിലെ വെള്ളമൂറ്റൽ തുടങ്ങിയിട്ട് എത്ര കാലമായി;

(എഫ്) ഇപ്രകാരം വെള്ളമൂറ്റൽ നടത്തുന്നതുമൂലമാണോ തെന്മല ഡാമിലെ വെള്ളം കുറയുന്നത്;

(ജി) അല്ലെങ്കിൽ തെന്മല ഡാമിലെ വെള്ളം കുറയുവാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly